# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2202     18.12.2012 ലെ മറുപടിക്ക്

### കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | കേരളത്തിലെ റെയിൽവേയുടെ അടിസ്ഥാന വികസനത്തിന് ഫണ്ട് അനുവദിക്കുന്നതിനായി സംസ്ഥാന സർക്കാർ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു ; | (എ) | സംസ്ഥാനത്തിന്റെ റയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനായി ആവശ്യമായ വകയിരുത്തലുകൾ 2013-14 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് 2012 നവംബർ മാസം ഒരു വിശദമായ നിവേദനം സമർപ്പിച്ചിട്ടുണ്ട്. നിവേദനത്തിന്റെ വിശദാംശം അനുബന്ധമായി വച്ചിരിക്കുന്നു. |
| (ബി) | നേമത്തും കോട്ടയത്തും അനുവദിച്ച പാസഞ്ചർ ടെർമിനലുകളുടെ നിർമ്മാണം ബജറ്റിൽ തുക വകയിരുത്താത്തതുമൂലം മുടങ്ങിക്കിടക്കുന്നത് കേന്ദ്ര സർക്കാരിനെ അറിയിക്കുവാനും അടുത്ത ബജറ്റിൽ തുക ഉൾപ്പെടുത്തി ഫണ്ട് അനുവദിപ്പിക്കാനും നടപടി സ്വീകരിക്കുമോ? | (ബി) | 2013-14 ലെ റയിൽവേ ബഡ്ജറ്റിൽ കോട്ടയത്തും നേമത്തും പ്രഖ്യാപിക്കപ്പെട്ട കോച്ചിംഗ് ഡിപ്പോകളുടെ നിർമ്മാണത്തിനാവശ്യമായ തുക ഉൾക്കൊള്ളിക്കണമെന്നും ടി നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

2013-14 ലെ റയിൽവേ ബഡ്ജറ്റിൽ 2004-2005 മുതലുള്ള റയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിലെ റയിൽവേ വികസനവുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങൾ നടപ്പിലാക്കാനാവശ്യമായ വകയിരുത്തലുകൾക്കൊപ്പം, 2013-14 ൽ മുൻഗണനാക്രമത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾക്കും പണികൾക്കും കേരളത്തിൽ നിന്നുമുള്ള ബഹു. കേന്ദ്രമന്ത്രിമാർ, എം.പിമാർ എന്നിവരുടെ അഭിപ്രായാനുസരണം 2013-14 ൽ നടപ്പിലാക്കേണ്ട മറ്റ് പ്രധാന ആവശ്യങ്ങൾക്കും ഉള്ള വകയിരുത്തലുകളും വേണമെന്നാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

ഇതുവരെ പ്രഖ്യാപിക്കപ്പെട്ടവയിൽ പ്രധാനമായും പാലക്കാട് കോച്ച് ഫാക്ടറി, ആട്ടോകാസ്റ്റ്, സിൽക്ക് എന്നിവയുമായി ചേർത്തലയിൽ റയിൽവേയുടെ കൂട്ടു സംരംഭം, ആലപ്പുഴയിലെ വാഗൺ ഫാക്ടറി, പെനിൻസുലാർ റയിൽവേ സോൺ, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി ശബരി പുതിയ റയിൽവേ ലൈനിന്റെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/ നിർമ്മാണം, നേമത്തും, കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം കോഴിക്കോട് റയിൽവേ സ്റ്റേഷനുകൾ ലോകനിലവാരത്തിലേക്കുയർത്തുന്നത്, എറണാകുളം, പാലക്കാട്, കാസറഗോഡ്, മാവേലിക്കര, തിരുവനന്തപുരം എന്നിവിടങ്ങളിൽ മൾട്ടി ഫംക്ഷണൽ കോംപ്ലക്സുകൾ, റയിൽ യാത്രി സേവക് സംവിധാനം, ആദർശ് സ്റ്റേഷനുകൾ, പാലക്കാട് കോൺക്രീറ്റ് സ്ലീപ്പർ പ്ലാന്റ്, തിരുവനന്തപുരത്ത് ബോട്ടിലിംഗ് പ്ലാന്റ്, ഹൈസ്പീഡ് റയിൽ കോറിഡോർ, പുതിയ ട്രെയിനുകൾ, പി.ആർ.എസും ടിക്കറ്റ് കൗണ്ടറുകളും, യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, യാത്രക്കാരുടെ സുരക്ഷ, ആളില്ലാ ലവൽ ക്രോസിംഗുകളിൽ ആളെ നിയമിക്കുന്നത് തുടങ്ങിയവയും, കൂടാതെ കോട്ടയം റയിൽവേ സ്റ്റേഷനിലെ ഗുഡ്സ്യാർഡ് ഏറ്റുമാനൂരേക്ക് മാറ്റുന്നതും, നെടുമ്പാശ്ശേരി, കണ്ണൂർ, കണ്ണൂർ സൗത്ത്, ചിറക്കൽ, വളപട്ടണം, ധർമ്മടം, പാപ്പിനിശ്ശേരി, ഇടക്കാട്, ഷൊർണൂർ, കാസറഗോഡ്, കാഞ്ഞങ്ങാട്, ചെറുവത്തൂർ, നീലേശ്വരം, കോട്ടിക്കുളം, പയങ്ങാടി, കണ്ണപുരം, മഞ്ചേശ്വരം, പയ്യന്നൂർ, ബേക്കൽ ഫോർട്ട്, തൃക്കരിപ്പൂർ, ഏഴിമല, വടക്കാഞ്ചേരി, മുളംകുന്നത്ത്കാവ്, വില്ലിംഗ്ഠൻ ഐലന്റ്, കുമ്പളം, മുളന്തുരുത്തി, കാഞ്ഞിരമറ്റം, പിറവം, വൈയ്ക്കം, കുറുപ്പന്തറ, ഏറ്റുമാനൂർ, ചിങ്ങവനം,കോട്ടയം, പത്തനാപുരം, ചാലക്കുടി, കൊരട്ടിഅങ്ങാടി, നേമം എന്നീ റയിൽവേ സ്റ്റേഷനുകളിൽ ആവശ്യത്തിന് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, പുതിയ ട്രെയിനുകൾ, നിലവിലുള്ളവയുടെ ദീർഘിപ്പിക്കൽ, ആവർത്തനം വർദ്ധിപ്പിക്കൽ, സ്റ്റോപ്പുകൾ, അധിക കോച്ചുകൾ, ഡൽഹി മുംബൈ കേരള ഹൗസുകളിൽ പി.ആർ.എസ്. സംവിധാനം, ഡൽഹി, മുംബൈ തുടങ്ങിയ നഗരങ്ങളിലേക്ക് പുതിയ ട്രെയിനുകൾ നിലവിലുള്ള ട്രെയിനുകളുടെ ആവർത്തനം വർദ്ധിപ്പിക്കൽ, വടക്കാഞ്ചേരി റയിൽവേ സ്റ്റേഷനിൽ കൃഷിക്കാർക്കായി പാഴ്സൽ ബുക്കിംഗ് തുടങ്ങിയവയാണ് നിവേദനത്തിലുന്നയിച്ചിരിക്കുന്ന പ്രധാന ആവശ്യങ്ങൾ.

സെക്ഷൻ ഓഫീസർ